പതിനാലാം കേരള നിയമസഭ
പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 3455 — 19.06.2019-ൽ മറുപടിയ്ക്ക്

## അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർ നിയമനം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.അനിൽ അക്കര | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | മോട്ടോർ വാഹന വകുപ്പിൽ അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർ തസ്തികയിൽ നിലവിൽ എത്ര ഒഴിവുകളുണ്ട് എന്ന് വെളിപ്പെടുത്താമോ; | (എ) | 86 ഒഴിവുകൾ നിലവിലുണ്ട്. |
| (ബി) | ഇത് സംബന്ധിച്ച് പി.എസ്.സി. അഡ്വൈസ് ചെയ്ത ഉദ്യോഗാർത്ഥികൾക്ക് 120 ദിവസം കഴിഞ്ഞിട്ടും നിയമന ഉത്തരവ് അയക്കാത്തത് എന്തുകൊണ്ടാണ് എന്നറിയിക്കാമോ; | (ബി) | 04.12.2018-ലെ RIC(2) 11596/17/GW നമ്പർ പ്രകാരമാണ് 66 അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾസ് ഇൻസ്പെക്ടർമാർക്ക് നിയമന ശിപാർശ നൽകിയത്. 04.01.2019-ലെ സ.ഉ (കൈ)നം.1/2019/ഗതാഗതം നമ്പർ സർക്കാർ ഉത്തരവ് പ്രകാരം മോട്ടോർ വാഹന വകുപ്പിൽ അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾസ് ഇൻസ്പെക്ടറായി നിയമനം ലഭിക്കുന്നവരെ ആദ്യം സേഫ് കേരള പ്രോജക്ട് വഴിയുള്ള സ്ക്വാഡുകളിൽ നിയമിക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ടി സ്ക്വാഡുകളിലേക്ക് നിയമനം നൽകണമെങ്കിൽ നിലവിൽ വിവിധ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസുകളിൽ അറ്റാച്ച് ചെയ്തിരിക്കുന്ന 34 എൻഫോഴ്സ്മെന്റ് സ്ക്വാഡുകൾക്കുള്ള 68 അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾസ് ഇൻസ്പെക്ടർമാരുടെ പോസ്റ്റുകൾ അതാത് എൻഫോഴ്സ്മെന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസുകളിലേക്ക് ഷിഫ്റ്റ് ചെയ്യേണ്ടതുണ്ട്. ടി പോസ്റ്റുകൾ ഷിഫ്റ്റ് ചെയ്യുന്നതിനായി നിലവിൽ ഈ പോസ്റ്റുകളിൽ ജോലി ചെയ്യുന്ന അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾസ് ഇൻസ്പെക്ടർമാർക്ക് ഒഴിവുള്ള ഓഫീസുകളിലേക്ക് സ്ഥലംമാറ്റം നൽകേണ്ടതായുണ്ട്. ആയതിനുശേഷം വീണ്ടും ഒഴിവുള്ള അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾസ് ഇൻസ്പെക്ടർമാരുടെ തസ്തികയിലേക്ക് സേഫ് |

| | | | |
|---|---|---|---|
| | | | കേരളയിൽ നിയമനം നൽകിയിട്ടുള്ള സീനിയർ ആയിട്ടുള്ള അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾസ് ഇൻസ്പെക്ടർമാർക്ക് സ്ഥലംമാറ്റം നൽകേണ്ടതായുണ്ട്. മേൽപ്പറഞ്ഞ പ്രക്രിയകൾ പൂർത്തിയാക്കിയാൽ മാത്രമേ പുതുതായി നിയമന ശിപാർശ നൽകിയ ഉദ്യോഗാർത്ഥികൾക്ക് നിയമനം നൽകുവാൻ കഴിയുമായിരുന്നുള്ളൂ. മേൽപ്പറഞ്ഞ നടപടികൾ പൂർത്തീകരിച്ചു വരുന്ന സമയത്താണ് ലോകസഭാ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് 2019 മാർച്ച് 10 മുതൽ മെയ് 27 വരെ പെരുമാറ്റച്ചട്ടം നിലവിൽ വന്നത്. ആയതിനാലാണ് നിയമന ഉത്തരവ് അയയ്ക്കാൻ കാലതാമസം നേരിട്ടത്. |
| (സി) | തസ്തിക മാറ്റം വഴി എ.എം.വി.ഐ. ആകാൻ അർഹത നേടിയ എത്ര പേരുടെ അപേക്ഷ നിലവിലുണ്ട്; | (സി) | 5 പേരുടെ അപേക്ഷ നിലവിലുണ്ട്. |
| (ഡി) | പി.എസ്.സി. അഡ്വൈസ് ചെയ്തവർക്ക് അടിയന്തരമായി നിയമന ഉത്തരവ് നൽകുന്നതിന് നടപടി സ്വീകരിക്കുമോ? | (ഡി) | അടിയന്തരമായി നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ